**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2834** **13-03-2020 ൽ മറുപടിക്ക്**

**"വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ"**

**ചോദ്യം** **മറുപടി**

ശ്രീ. സി. ദിവാകരൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വികസന ആവശ്യങ്ങൾക്കായി രണ്ട് സർക്കാർ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | ഭൂമി ആവശ്യമുള്ള വകുപ്പ് മേധാവി നിശ്ചിത മാതൃകയിലെ അർത്ഥനാപത്രത്തോടൊപ്പം ഗവൺമെന്റിൽ നിന്നുള്ള ഭരണാനുമതി, പ്രോജക്ട് റിപ്പോർട്ട്, ടി പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ടിന്റെ വിവരം എന്നിവ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് കൈമാറുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി മറ്റേതെങ്കിലും വകുപ്പുകളുടെ കൈവശത്തിലുള്ളതാണ് എങ്കിൽ ടി വകുപ്പുകളുടെ എൻ ഒ സി സഹിതമുള്ള പ്രസ്തുത റിക്വിസിഷനിലെ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ (മഹസർ, സ്കെച്ച്, വിലനിർണ്ണയ സ്റ്റേറ്റ്മെന്റ്) തഹസീൽദാരിൽ നിന്നും റവന്യൂ ഡിവിഷണൽ ഓഫീസർ മുഖാന്തരം ശേഖരിച്ച് ജി.ഒ (പി) 31/18 തീയതി 05/06/2018 പ്രകാരം ജില്ലാ കളക്ടർമാർക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്ത പക്ഷം ജില്ലാ കളക്ടർമാർ ഭൂമി കൈമാറ്റ ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുന്നതും സർക്കാർ അനുമതിയ്ക്ക് വിധേയമായി വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള ഉത്തരവ് അനുവദിക്കുന്നതുമാണ് നിലവിലെ സംവിധാനം. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി കൈമാറ്റം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഒരു വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് ഭൂമി കൈമാറ്റ വ്യവസ്ഥയിലൂടെ കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം, ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനയോടൊപ്പം സമർപ്പിക്കുന്ന പക്ഷം കാലതാമസം ഒഴിവാക്കാവുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത / സ്വയാർജിത ഭൂമി മറ്റൊരു വകുപ്പിന് വിട്ടുനൽകേണ്ട കേസുകളിൽ നിയമപരമായി ടി ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായ ശേഷം മാത്രമേ മറ്റൊരു വകുപ്പിന് നിയമപരമായി കൈമാറി നല്കാൻ നിയമം അനുശാസിക്കുന്നുള്ളു. അപ്രകാരം നിയമപരമായ നടപടികൾ പൂർത്തിയാക്കുന്നതിന് ചെറിയ തോതിൽ കാലതാമസം നേരിടുന്നുണ്ട്. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചു വരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് 05.06.2018 ലെ ജി.ഒ (പി) നം. 31/18/റവ നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ